ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27-02-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജസ്ഥാനിലെ പൊഖ്റാനിൽ വ്യോമസേനയുടെ 'വായു ശക്തി' അഭ്യാസം രാഷ്ട്രപതി ദ്രൗപദി മുർമു വീക്ഷിച്ചു.

   **President Droupadi Murmu witnessed the Indian Air Force's 'Vayu Shakti' exercise at Pokhran in Rajasthan.**

2. ഭരണനിർവ്വഹണത്തിൽ സുതാര്യത വർദ്ധിപ്പിക്കുന്നതിന് എ.ഐ, ബ്ലോക് ചെയിൻ പോലുള്ളവ പ്രയോജനപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi urges for use of AI, blockchain and Data Analytics to boost transparency and accountability.**

3. നൈപുണ്യ വികസനം ഭാവിതലമുറയ്ക്ക് ഏറെ അനിവാര്യമാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

   **Union Minister of State, Suresh Gopi said that skill development is highly essential for the future generation.**

4. ഡൽഹി മദ്യനയ അഴിമതി കേസിൽ മുൻ മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനെ കുറ്റവിമുക്തനാക്കി ഡൽഹി കോടതി.

   **Delhi Court discharges former Delhi Chief Minister Arvind Kejriwal in excise policy case.**

5. **കേരള സ്റ്റോറി 2 - സിനിമയുടെ റിലീസ് തടഞ്ഞ കേരള ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവ് ഡിവിഷൻ ബെഞ്ച് സ്റ്റേ ചെയ്തു.**

   **The Division Bench of the Kerala High Court stayed the order of the Single Bench that had halted the release of the film Kerala Story -2.**

6. **പാക്കിസ്ഥാനും അഫ്ഗാനിസ്ഥാനും തമ്മിൽ സംഘർഷം രൂക്ഷം. തർക്കങ്ങൾ നയതന്ത്രത്തിലൂടെ പരിഹരിക്കണമെന്ന് ഐക്യരാഷ്ട്ര സഭ.**

   **Tensions have escalated between Pakistan and Afghanistan. The United Nations has called for resolving the disputes through diplomatic means.**

***************

## RAJASTHAN PRESIDENT PRACHAND

രാജസ്ഥാനിലെ പൊഖ്റാൻ ഫീൽഡ് ഫയറിംഗ് റേഞ്ചിൽ ഇന്ത്യൻ വ്യോമസേനയുടെ 'വായു ശക്തി' അഭ്യാസം രാഷ്ട്രപതി ദ്രൗപദി മുർമു വീക്ഷിച്ചു.

ജയ്സാൽമീർ വ്യോമസേനാ സ്റ്റേഷനിൽ രാവിലെ എത്തിയ ശ്രീമതി മുർമു, ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ലൈറ്റ് കോംബാറ്റ് ഹെലികോപ്റ്റർ പ്രചണ്ഡിൽ യാത്ര ചെയ്തു. ഇന്ത്യൻ വ്യോമസേനാ ഉദ്യോഗസ്ഥർ ഹെലികോപ്റ്ററിൻറെ സവിശേഷതകളെക്കുറിച്ച് രാഷ്ട്രപതിയോട് വിവരിച്ചു.

***************

## PM - Webinar -(INTRO)

ഭരണനിർവ്വഹണത്തിൽ സുതാര്യത വർദ്ധിപ്പിക്കുന്നതിന് എ.ഐ, ബ്ലോക് ചെയിൻ, ഡാറ്റാ അനലിറ്റിക്സ് പോലുള്ളവ പ്രയോജനപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വികസിത ഭാരതത്തിനായുള്ള സാങ്കേതികവിദ്യ, പരിഷ്കാരങ്ങൾ, ധനകാര്യം എന്ന വിഷയത്തിലെ ബജറ്റാനന്തര വെബിനാറിനെ വീഡിയോ കോൺഫറൻസിംഗിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സർക്കാർ നടപടിക്രമങ്ങൾ ലളിതമാക്കുകയും, ബിസിനസ് ചെയ്യുന്നതിനുള്ള സൗകര്യം

മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന് നിരവധി പരിഷ്കാരങ്ങളിലൂടെയാണ് രാജ്യം കടന്നു പോകുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്)

***************

## VAISHNAW-RISING BHARAT(INTRO)

നിർമിതബുദ്ധിയുടെ ഉപയോഗത്തിൽ വിശ്വാസ്യത വളരെ പ്രധാനമാണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ന്യൂഡൽഹിയിൽ ഒരു സ്വകാര്യ മാധ്യമം സംഘടിപ്പിച്ച റൈസിംഗ് ഭാരത് ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. എഐ പരിവർത്തനത്തെ ഗൗരവമായി കാണേണ്ടതുണ്ടെന്നും ശ്രീ വൈഷ്ണവ് പറഞ്ഞു.

( വോയിസ്.....)

***************

## PRADHAN-NCERT

നീതിന്യായ വ്യവസ്ഥയിലെ അഴിമതിയെക്കുറിച്ച് പരാമർശിക്കുന്ന എട്ടാം ക്ലാസ്സിലെ എൻ.സി.ഇ.ആർ.ടി പാഠപുസ്തകം പിൻവലിക്കാൻ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ നിർദേശം നൽകി. കോടതിയെ അവഹേളിക്കാൻ സർക്കാരിന് യാതൊരു ഉദ്ദേശവുമില്ലെന്നും കുറ്റക്കാർക്കെതിരെ കർശന നടപടിയെടുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. നീതി ന്യായ വ്യവസ്ഥയിലെ അഴിമതിയെക്കുറിച്ച് പരാമർശിക്കുന്ന പാഠഭാഗം ഉൾപ്പെടുത്തിയതിന് എട്ടാം ക്ലാസ്സിലെ എൻ.സി.ഇ.ആർ.ടി സോഷ്യൽ സയൻസ് പുസ്തകത്തിന് സുപ്രീം കോടതി നേരത്തെ പൂർണ്ണ നിരോധനം ഏർപ്പെടുത്തിയിരുന്നു. മാർച്ച് പതിനൊന്നിന് കോടതി കേസ് വീണ്ടും പരിഗണിക്കും.

***************

## MANDAVIYA-CONFERENCE

രാജ്യത്ത് തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ തുല്യ പങ്കാളികളാണെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. ന്യൂഡൽഹിയിലെ ഇപിഎഫ്ഒയിൽ ലേബർ

കോഡുകളെയും മറ്റ് അനുബന്ധ വിഷയങ്ങളെയും കുറിച്ചുള്ള അഞ്ചാമത് റീജിയണൽ കോൺഫറൻസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പുതിയ ലേബർ കോഡുകൾക്ക് തൊഴിലാളികൾക്കിടെയിലും വ്യവസായ മേഖലയിലും വൻ സ്വീകാര്യതയാണ് ലഭിച്ചതെന്ന് ശ്രീ.മാണ്ഡവ്യ പറഞ്ഞു.

***************

## JITENDRA SINGH – TRIVANDRUM

കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് നാളെ തിരുവനന്തപുരം ആക്കുളത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി കാമ്പസിലെ ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് സൗകര്യത്തിന്റെ നിർമ്മാണോദ്ഘാടനം നിർവഹിക്കും. റീകോമ്പിനന്റ് സെല്ലുകൾക്കും സെൻസറുകൾക്കുമുള്ള ദേശീയ സംവിധാനം അദ്ദേഹം നാടിനു സമർപ്പിക്കും. ചടങ്ങിൽ, വാർഷിക ശാസ്ത്ര ദിന പരിപാടിയും കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്യും.

***************

## MoS Suresh Gopi

നൈപുണ്യ വികസനം ഭാവിതലമുറയ്ക്ക് ഏറെ അനിവാര്യമാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ ആരംഭിച്ച ആറ് അന്തർദേശിയ ലാബുകൾ ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നൂതന സാങ്കേതിക വിദ്യകൾ രാജ്യവികസനത്തിന് ഉപയോഗപ്പെടുത്തുന്നതിൽ ഇത്തരം മികവിന്റെ കേന്ദ്രങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ടെന്നും ശ്രീ സുരേഷ് ഗോപി പറഞ്ഞു.

***************

## COURT KEJRIWAL

ഡൽഹി മദ്യനയവുമായി ബന്ധപ്പെട്ട അഴിമതി കേസിൽ മുൻ മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനെയും മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയെയും ഡൽഹി കോടതി കുറ്റവിമുക്തരാക്കി. സിബിഐ കുറ്റപത്രം പരിഗണിക്കാൻ ഡൽഹി റോസ് അവന്യു കോടതി വിസമ്മതിച്ചു. കേസിൽ ഉൾപ്പെട്ട മറ്റ് 21 പേരെയും കോടതി കുറ്റവിമുക്തരാക്കി. അതേസമയം, മദ്യനയ

കേസിൽ ആം ആദ്മി പാർട്ടി തെളിവുകൾ നശിപ്പിക്കാൻ ശ്രമിച്ചതായി ബിജെപി ആരോപിച്ചു.

***************

## Kerala Story

'ദി കേരള സ്റ്റോറി 2 - ' സിനിമയുടെ റിലീസ് തടഞ്ഞ കേരള ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവ് ഡിവിഷൻ ബെഞ്ച് സ്റ്റേ ചെയ്തു. രണ്ടാഴ്ചയ്ക്ക് ശേഷം കേസ് വീണ്ടും പരിഗണിക്കും. 15 ദിവസത്തേക്ക് സിനിമയുടെ റിലീസ് സ്റ്റേ ചെയ്ത സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ നിർമ്മാതാവ് സമർപ്പിച്ച ഹർജിയിലാണ് ഡിവിഷൻ ബെഞ്ചിന്റെ വിധി.

***************

## AFGHANISTAN-PAKISTAN ATTACK

പാക്കിസ്ഥാനും അഫ്ഗാനിസ്ഥാനും തമ്മിലുള്ള സംഘർഷം രൂക്ഷമായി തുടരുന്നു. പാകിസ്ഥാനിലെ ഇസ്ലാമാബാദ്, നൗഷേര, ജംറൂദ്, ആബട്ടാബാദ് എന്നിവിടങ്ങളിലെ സൈനിക കേന്ദ്രങ്ങൾക്ക് നേരെ അഫ്ഗാൻ വ്യോമസേന ഇന്ന് രാവിലെ ആക്രമണം നടത്തിയതായി താലിബാൻ അറിയിച്ചു. അതേസമയം, തർക്കങ്ങൾ നയതന്ത്രത്തിലൂടെ പരിഹരിക്കാൻ ഐക്യരാഷ്ട്ര സഭ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടെറസ് അഭ്യർത്ഥിച്ചു.

***************

## PM-VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാജസ്ഥാനും ഗുജറാത്തും സന്ദർശിക്കും. രാവിലെ രാജസ്ഥാനിലെ അജ്മീറിൽ 16,000 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും.

14 വയസ്സുള്ള പെൺകുട്ടികൾക്കായുള്ള HPV വാക്സിനേഷൻ യജ്ഞത്തിനും പ്രധാനമന്ത്രി തുടക്കം കുറിക്കും.

21,800-ലധികം നിയമന ഉത്തരവുകളും അദ്ദേഹം വിതരണം ചെയ്യും. ഉച്ചയ്ക്ക് ശേഷം പ്രധാനമന്ത്രി ഗുജറാത്തിലെത്തും.

***************

## CEC PRESS MEET ( INTRO)

നിയമസഭാ തെരഞ്ഞെടുപ്പിൽ ബിഹാറിനെ മറികടന്ന് തമിഴ്നാട്ടിൽ റെക്കോർഡ് പൊളിംഗ് നടക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. 18 നും 30 നും ഇടയിൽ പ്രായമുള്ള യുവ വോട്ടർമാരെ ജനാധിപത്യത്തിൻറെ ഉത്സവത്തിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ ശ്രമം നടത്തുമെന്ന്, ചെന്നൈയിൽ മാധ്യമങ്ങളോട് സംസാരിക്കവെ അദ്ദേഹം അറിയിച്ചു.

(വോയിസ്....)

ബിഹാറിൽ കുറ്റമറ്റ വോട്ടർ പട്ടിക ഉറപ്പാക്കുകയാണ് ലക്ഷ്യമെന്നും മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ വ്യക്തമാക്കി.

***************

## KERALA – SIR

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായി തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേര് ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്പ് വഴിയോ, ബന്ധപ്പെട്ട ബൂത്ത് ലെവൽ ഓഫീസർ വഴിയോ അപേക്ഷിക്കാം. തിരഞ്ഞെടുപ്പിനായി നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരമുള്ളത്.

***************

## WB – VOTER LIST PUBLICATION

പശ്ചിമ ബംഗാളിലെ അന്തിമ വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കും. സുപ്രീം കോടതി നിർദ്ദേശപ്രകാരമാണ് നടപടിയെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. നിലവിൽ 7 കോടി എട്ട് ലക്ഷം വോട്ടർമാരാണ് പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്. അതേസമയം, തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് നിയമിച്ചിരിക്കുന്ന ജുഡീഷ്യൽ ഓഫീസർമാർക്കുള്ള പരിശീലന മൊഡ്യൂളിനെ എതിർത്ത സംസ്ഥാന സർക്കാർ തീരുമാനത്തോട് സുപ്രീം കോടതി

വിയോജിച്ചു. ജുഡീഷ്യൽ ഓഫീസർമാർ യാതൊരു സ്വാധീനത്തിലും വീഴില്ലെന്നും കോടതി വ്യക്തമാക്കി.

***************

## CHENNAI CM PANEERSELVAM DMK

തമിഴ്നാട് മുൻ മുഖ്യമന്ത്രിയും AIDMK കോർഡിനേറ്ററുമായ ഒ. പനീർസെൽവം, അദ്ദേഹത്തിൻ്റെ മകനും മുൻ എം. പി. യുമായ രവീന്ദ്രനാഥ് എന്നിവർ ഇന്ന് ഭരണകക്ഷിയായ DMK യിൽ ചേർന്നു. ചെന്നൈയിലെ പാർട്ടി ആസ്ഥാനമായ അറിവാലയത്തിൽ വെച്ച് അദ്ദേഹത്തിൻ്റെ അനുയായികളും DMK യിൽ ചേർന്നു.

***************

## CRICKET

ഐ.സി.സി പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇംഗ്ലണ്ട് - ന്യൂസിലൻഡ് മത്സരം പുരോഗമിക്കുന്നു. ടോസ് നേടിയ ന്യൂസിലൻഡ് ബാറ്റിംഗ് തിരഞ്ഞെടുത്തു. കൊളംബോയിലെ ആർ. പ്രേമദാസ സ്റ്റേഡിയത്തിലാണ് മത്സരം.

***************

************

******